**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2821** **13-02-2024 - ൽ മറുപടിയ്ക്ക്**

**പൊന്നാനി തുറമുഖ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | പൊന്നാനി തുറമുഖത്തിന് തറക്കല്ല് ഇട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ തറക്കല്ല് ഇട്ടത് എന്നാണെന്നും ആരാണ് ഇട്ടതെന്നും വ്യക്തമാക്കാമോ; | (എ) | ഉണ്ട്, ബഹു. മുൻ മുഖ്യമന്ത്രി. ശ്രീ.ഉമ്മൻ ചാണ്ടി 08.08.2015 തീയതിയിൽ പൊന്നാനി തുറമുഖത്തിന് തറക്കല്ലിട്ടു. |
| (ബി) | പൊന്നാനി തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | പൊന്നാനി തുറമുഖം ഒരു All weather port ആയി PPP വ്യവസ്ഥയിൽ വികസിപ്പിക്കുന്നതിനു M/s.Malabar Ports Pvt Ltd (MPPL) എന്ന സ്ഥാപനവുമായി 29.11.2011 നു സംസ്ഥാന സർക്കാർ കൺസഷൻ എഗ്രിമെന്റിൽ ഏർപ്പെടുകയുണ്ടായി. തുറമുഖ നിർമാണം പൂർത്തിയാകുന്നതിനും ഫിനാൻഷ്യൽ ക്ലോഷറിനുമായി പരമാവധി 4 വർഷം ഉൾപ്പെടെ ആകെ 34 വർഷമാണു പ്രസ്തുത പ്രൊജക്റ്റിനായി എഗ്രിമെന്റ് പ്രകാരം അനുവദിച്ചിട്ടുള്ളത്. അതിനു ശേഷം തിരികെ സർക്കാരിനു നല്കണം എന്നതാണു വ്യവസ്ഥ. ലീസ് എഗ്രിമെന്റ് പ്രകാരം 29.3 ഏക്കർ ഭൂമി മേൽ സ്ഥാപനത്തിനു കൈമാറിയിരുന്നു. വികസന പ്രവർത്തനങ്ങൾക്കായി പദ്ധതി പ്രദേശത്ത് ഉണ്ടായിരുന്ന 3000 ത്തോളം കാറ്റാടി മരങ്ങൾ പൂർണ്ണമായും മുറിച്ചുമാറ്റുകയുണ്ടായി. തുറമുഖ ഭൂമിയിലെ മുഴുവൻ അനധികൃത നിർമാണങ്ങളും ഒഴിപ്പിച്ചെടുക്കുന്നതിനു തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഫിഷിങ്ങ് ഹാർബറിനോട് ചേർന്ന് 78 ഓളം ലോക്കർ മുറികൾ നിർമ്മിച്ച് മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനപ്പെടുത്തി യിട്ടുണ്ട്. ഏതാണ്ട് 1000 കോടിയോളം രൂപാ മുതൽമുടക്കിൽ തുറമുഖം വികസിപ്പിക്കാമെന്നാണു കൺസഷനയറുമായി ധാരണയിലായതെങ്കിലും 240 മീറ്റർ ബണ്ടു നിർമ്മിച്ചതല്ലാതെ മറ്റൊരു നിർമാണ പ്രവർത്തിയും തുറമുഖത്ത് ഉണ്ടായിട്ടില്ല. തുടർന്ന് പ്രോജക്റ്റ് നിർവ്വഹണം സംബന്ധിച്ച് കൺസഷനയറുമായി സർക്കാർ തലത്തിൽ നിരവധി ചർച്ചകൾ നടത്തിയിരുന്നുവെങ്കിലും വ്യക്തമായ മറുപടി കൺസഷനയർ |

| | | | |
|---|---|---|---|
| | | | നല്കാത്തതിനാൽ തുറമുഖ നിർമാണവുമായി മുന്നോട്ടുപോകേണ്ടതില്ലാ യെന്ന് തീരുമാനിക്കുകയും കൺസഷൻ എഗ്രിമെന്റ് റദ്ദാക്കുകയുമുണ്ടായി. |
| (സി) | പ്രസ്തുത തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (സി) | പൊന്നാനി തുറമുഖം ഒരു All weather port ആയി PPP വ്യവസ്ഥയിൽ വികസിപ്പിക്കുന്നതിനു M/s.Malabar Ports Pvt Ltd (MPPL) എന്ന സ്ഥാപനവുമായി 29.11.2011 നു സംസ്ഥാന സർക്കാർ കൺസഷൻ എഗ്രിമെന്റിൽ ഏർപ്പെടുകയുണ്ടായി. തുറമുഖ നിർമാണം പൂർത്തിയാകുന്നതിനും ഫിനാൻഷ്യൽ ക്ലോഷറിനുമായി പരമാവധി 4 വർഷം ഉൾപ്പെടെ ആകെ 34 വർഷമാണു പ്രസ്തുത പ്രൊജക്ടിനായി എഗ്രിമെന്റ് പ്രകാരം അനുവദിച്ചിട്ടുള്ളത്. അതിനു ശേഷം തിരികെ സർക്കാരിനു നല്കണം എന്നതാണു വ്യവസ്ഥ. ലീസ് എഗ്രിമെന്റ് പ്രകാരം 29.3 ഏക്കർ ഭൂമി മേൽ സ്ഥാപനത്തിനു കൈമാറിയിരുന്നു. വികസന പ്രവർത്തനങ്ങൾക്കായി പദ്ധതി പ്രദേശത്ത് ഉണ്ടായിരുന്ന 3000 ത്തോളം കാറ്റാടി മരങ്ങൾ പൂർണ്ണമായും മുറിച്ചുമാറ്റുകയുണ്ടായി. തുറമുഖ ഭൂമിയിലെ മുഴുവൻ അനധികൃത നിർമാണങ്ങളും ഒഴിപ്പിച്ചെടുക്കുന്നതിനു തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഫിഷിങ്ങ് ഹാർബറിനോട് ചേർന്ന് 78 ഓളം ലോക്കർ മുറികൾ നിർമ്മിച്ച് മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനപ്പെടുത്തി യിട്ടുണ്ട്. ഏതാണ്ട് 1000 കോടിയോളം രൂപാ മുതൽമുടക്കിൽ തുറമുഖം വികസിപ്പിക്കാമെന്നാണു കൺസഷനയറുമായി ധാരണയിലായതെങ്കിലും 240 മീറ്റർ ബണ്ടു നിർമ്മിച്ചതല്ലാതെ മറ്റൊരു നിർമാണ പ്രവർത്തിയും തുറമുഖത്ത് ഉണ്ടായിട്ടില്ല. തുടർന്ന് പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച് കൺസഷനയറുമായി സർക്കാർ തലത്തിൽ നിരവധി ചർച്ചകൾ നടത്തിയിരുന്നുവെങ്കിലും വ്യക്തമായ മറുപടി കൺസഷനയർ നല്കാത്തതിനാൽ തുറമുഖ നിർമാണവുമായി മുന്നോട്ടുപോകേണ്ടതില്ലാ യെന്ന് തീരുമാനിക്കുകയും കൺസഷൻ എഗ്രിമെന്റ് റദ്ദാക്കുകയുമുണ്ടായി. |
| (ഡി) | പൊന്നാനി തുറമുഖത്തിന്റെ നിർമ്മാണം സംബന്ധിച്ച് സർക്കാർ ഏതെങ്കിലും കമ്പനികളുമായി കരാറിലോ ധാരണയിലോ എത്തിയിട്ടുണ്ടോ; വിശാദംശങ്ങൾ നൽകാമോ; | (ഡി) | തുറമുഖ നിർമാണവുമായി ബന്ധപ്പെട്ട് 29.11.2011നു മലബാർ പോർട്ട്സ് പ്രൈ. ലിമിറ്റഡ്, മദ്രാസ് എന്ന സ്ഥാപനവുമായി സംസ്ഥാന സർക്കാർ എഗ്രിമെന്റിൽ ഒപ്പുവച്ചിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം 7.63 കോടി രൂപയുടെ ബാങ്ക് ഗ്യാരന്റി മേൽ സ്ഥാപനം സമർപ്പിച്ചിട്ടുള്ളതും ആയതിന്റെ കാലാവധി 27.06.2024 ൽ അവസാനിക്കുന്നതുമാണ്. മേൽ കമ്പനിയുമായുള്ള എഗ്രിമെന്റ് സർക്കാർ ടെർമിനേറ്റ് |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുള്ളതിനാൽ MPPL നല്കിയിട്ടുള്ള 7.63 കോടി രൂപയുടെ ബാങ്ക് ഗ്യാരന്റി തിരികെ നല്കണമെന്നതു സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ ഒരു കേസ് നിലനിൽക്കുന്നുണ്ട്. |
| (ഇ) | പൊന്നാനി തുറമുഖം യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ; | (ഇ) | പൊന്നാനി തുറമുഖത്തിന്റെ സമഗ്രവികസനവുമായി ബന്ധപ്പെട്ട് ഒരു പദ്ധതി തയ്യാറാക്കുന്നതിനായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ HED തയ്യാറാക്കിയ DPR സർക്കാർ പരിശോധിച്ചുവരുന്നു. |
| (എഫ്) | ടി തുറമുഖത്തിന്റെ നിർമ്മാണത്തിനായി തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര എന്ന് അറിയിക്കാമോ; | (എഫ്) | പൊന്നാനി തുറമുഖ നിർമാണത്തിനായി 2023-24 സാമ്പത്തിക വർഷത്തിൽ 2.50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ജി) | പൊന്നാനി തുറമുഖത്തിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്നതിന്റെ ഇനവും വർഷവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (ജി) | പൊന്നാനി തുറമുഖ വികസനത്തിനായി തുകയൊന്നും വിനിയോഗിച്ചിട്ടില്ല. HED യ്ക്ക് DPR തയ്യാറാക്കുന്നതിനു 1 ലക്ഷം രൂപാ നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ